# Malayala Manorama
# 27 August 2018
# Ambalapuzha, Flood, Relief Camp, Flood Victims

## പെയ്തിറങ്ങട്ടെ നന്മകൾ



വിവാഹ ശേഷം ഗോപകുമാറും ആതിരയും പുന്നപ്ര കാർമൽ ഇന്റർനാഷണൽ സ്കൂളിലെ ദുരിതാശ്വാസ ക്യാംപിലേക്ക് നിലവിളക്കുമായി കയറുന്നു. ഗോപകുമാറിന്റെ മാതാവ് ശ്യാമള സമീപം.

# ഈ ‘വലിയ വീട്ടിലേക്ക്’ പുതുപ്പെണ്ണിന് സ്വാഗതം

**നിലവിളക്കുമായി നവവധു വലതുകാൽവച്ചു കയറിയത് ദുരിതാശ്വാസ ക്യാംപിലേക്ക്**

അമ്പലപ്പുഴ ● വലതുകാൽവച്ച് ആതിര കയറിച്ചെന്നത് വലിയൊരു കുടുംബത്തിന്റെ കരുതലിലേക്കാണ്. പുതുപ്പെണ്ണിനെ സ്വീകരിക്കാൻ കാത്തുനിന്നത് 490 കുടുംബാംഗങ്ങൾ. പുന്നപ്ര കാർമൽ ഇന്റർനാഷനൽ സ്കൂളിലെ ദുരിതാശ്വാസ ക്യാംപിലാണ് നവ വധുവായി പുതിയൊരംഗം കൂടി.

ചമ്പക്കുളം നടുഭാഗം കോലത്ത് പരേതനായ എ.കെ. ഗോപാലന്റെയും ശ്യാമളയുടെയും മകനായ ഗോപകുമാറാണ് കോട്ടയം പാമ്പാടി കിഴക്കേപറത്താനത്തിൽ ബാബു-ആശ ദമ്പതികളുടെ മകൾ ആതിരയെ വിവാഹം കഴിച്ച് ക്യാംപിലേക്കു കൂട്ടിയത്.

വെള്ളപ്പൊക്കത്തെ തുടർന്നു വരനും കുടുംബവും 10 ദിവസമായി ക്യാംപിലാണ് താമസം. നേരത്തേ മുഹൂർത്തം നിശ്ചയിച്ചതിനാൽ വിവാഹം നടത്താൻ ഇരുകുടുംബങ്ങളും തീരുമാനിക്കുകയായിരുന്നു.

ക്യാംപ് അംഗങ്ങൾ കയ്യടികളോടെ നവദമ്പതികളെ വരവേറ്റു. വരന്റെ സുഹൃത്തുക്കൾ പാട്ടുപാടിയും നൃത്തച്ചുവടുകൾ വച്ചും സ്വീകരണം കെങ്കേമമാക്കി. കവാടത്തിൽനിന്നു സൈക്കിൾ റിക്ഷയിലാണ് ഇരുവരെയും ക്യാംപിലേക്ക് ആനയിച്ചത്. പഴവീട് ഭഗവതി ക്ഷേത്രത്തിൽ വച്ചു താലിചാർത്തി നേരെ ക്യാംപിലേക്കു വന്നു.